**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 61** **07-12-2022 - ൽ മറുപടിയ്ക്ക്**

**നീരുറവ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ.കെ.ടി.ജലീൽ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജല സംരക്ഷണത്തിന് പ്രാധാന്യം നൽകിക്കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ നീർത്തടാധിഷ്ഠിതമായി നീരുറവ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ ഓരോ നീർത്തട പ്രദേശത്തെയും ഓരോ തുണ്ടുഭൂമിയിലും ആവശ്യമായ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിനും പ്രാദേശിക ജനവിഭാഗങ്ങളുടെ വലിയ തോതിലുള്ള പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് പഠന-ആസൂത്രണ പ്രവർത്തനം നടത്തി ഒരു മാസ്റ്റർപ്ലാനിന് രൂപംകൊടുത്ത് ജനകീയ നിർവഹണത്തിലേയ്ക്ക് പോകുന്നതിനും ലക്ഷ്യമിട്ട് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഹരിത കേരള മിഷനും ജലവിഭവ വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ്, കൃഷി വകുപ്പ് തുടങ്ങിയ വകുപ്പുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് 'നീരുറവ്' പദ്ധതി.<br><br>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലെ ചുള്ളാളം നീർത്തടത്തിൽ നടപ്പിലാക്കിക്കൊണ്ടിരി ക്കുന്ന ഒരു നീർത്തടാധിഷ്ഠിത മണ്ണ്-ജല സംരക്ഷണ പദ്ധതിയായ നീരുറവ് പദ്ധതിയിൽനിന്നുമുള്ള പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് സംസ്ഥാന വ്യാപകമായി ഈ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. അടിസ്ഥാന പ്രകൃതി വിഭവങ്ങളായ മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവ സംരക്ഷിക്കുന്നതിന് ശാസ്ത്രീയമായ പദ്ധതികൾ ആവിഷ്കരിക്കുന്നതോടൊപ്പം പരിസ്ഥിതി പുനഃസ്ഥാപനത്തിനും കാലാവസ്ഥാമാറ്റമൂലമുണ്ടാകുന്ന ദുരന്ത ലഘൂകരണത്തിനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ സർഗ്ഗാത്മകമായി |

| | | | |
|---|---|---|---|
| | | | പ്രയോജനപ്പെടുത്തുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.<br><br>ഇതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തും സി.ഡബ്ല്യു.ആർ.ഡി.എം (Centre for Water Resources Development and Management) ന്റെ സഹായത്തോടെ അവിടെ നടന്നു വരുന്ന 'ജലാഞ്ജലി' പദ്ധതിയുമായി കൂട്ടിയോജിപ്പിച്ച് ഇതിനായുള്ള നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്.<br><br>വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വിവിധ വകുപ്പ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള സാങ്കേതിക സമിതികൾ ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് തലങ്ങളിൽ യോഗം ചേർന്ന് പ്രവർത്തനാസൂത്രണം നടത്തിവരുന്നു. ജനകീയ ഇടപെടൽ ഉറപ്പാക്കാൻ കഴിയുന്ന തരത്തിൽ ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് തല സംഘാടക സമിതികൾ രൂപീകരിക്കുകയും നീർത്തട യോഗങ്ങൾ, അയൽക്കൂട്ട യോഗങ്ങൾ, നീർത്തട നടത്തം എന്നിവയും ഇതിന്റെ ഭാഗമായി നടത്തിവരുന്നു. സംസ്ഥാനാടിസ്ഥാനത്തിൽ കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് ഈ പ്രവർത്തനത്തിന്റെ പുരോഗതി വിലയിരുത്തിവരുന്നു. |
| (ബി) | സംസ്ഥാനത്തെ മിക്ക നദികളിലെയും തോടുകളിലെയും ജലത്തിൽ കോളിഫോം ബാക്ടീരിയയുടെ ആധിക്യം ഉണ്ടെന്ന് കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ ജല ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ അതിനായി ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ പുഴകളും നദികളും പൊതുവിൽ വിവിധ തരത്തിലുള്ള മാലിന്യപ്രശ്നങ്ങൾ നേരിടുന്നു എന്നത് ഉൾക്കൊണ്ട് അവ മാലിന്യ മുക്തമാക്കുന്നതിനും ഒഴുക്ക് സുഗമമാക്കുന്നതിനും ജലഗുണനിലവാരം ഒരു പരിധി വരെ മെച്ചപ്പെടുത്തുന്നതിനും ജലസേചന വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, മഹാത്മ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി എന്നിവയിലൂടെ വിവിധ തലങ്ങളിലുള്ള ഇടപെടലുകൾ നടത്തിവരുന്നു.<br><br>നദികളിൽ അടിഞ്ഞുകൂടിയ ചെളിയും മണലും എക്കലും മറ്റ് മാലിന്യങ്ങളും തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണ ത്തോടെയും ജനകീയ പങ്കാളിത്ത ത്തോടെയും നീക്കി വരുന്നു.<br><br>ജല അതോറിറ്റിയുടെ കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗം, ജല സ്രോതസ്സുകളിൽ നിന്നും, ജല |

| | | | |
|---|---|---|---|
| | | | ശുദ്ധീകരണ ശാലകളിൽ നിന്നും, പമ്പിങ് സ്റ്റേഷനുകളിൽ നിന്നും, വിതരണ ശൃംഖലകളിൽ നിന്നും നിശ്ചിത ഇടവേളകളിൽ ജല സാമ്പിളുകൾ ശേഖരിച്ച് ജില്ലാ ലാബുകളിൽ ഗുണനിലവാരം പരിശോധിച്ചുറപ്പ് വരുത്തുന്നുണ്ട്. ഇതിനായി എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>കുടിവെള്ളത്തിന്റെ ഗുണ നിലവാരം ഉറപ്പു വരുത്തുന്നതിനുവേണ്ടി കുടിവെള്ള പദ്ധതികളുടെ ഉറവിടം (source) തെരഞ്ഞെടുക്കുന്നതു മുതൽ അതീവ ശ്രദ്ധ ചെലുത്തുന്നുണ്ട്. ഉറവിടവും പരിസരവും മാലിന്യ മുക്തമായും, ഉറവിടത്തിൽ മാലിന്യം കലർന്ന ജലം എത്തിച്ചേരാതെയും സംരക്ഷിക്കുന്നു. കൂടാതെ കുടിവെള്ളത്തിന്റെ ഗുണനിലവാരം ഫീൽഡ് ടെസ്റ്റ് കിറ്റ് (FTK) ഉപയോഗിച്ച് കുടുംബശ്രീ മിഷന്റെ സഹായത്തോടെ പരിശോധനയും നടത്തിവരുന്നു.<br><br>'ഇനി ഞാനൊഴുകട്ടെ' എന്ന പേരിൽ ഹരിതകേരളം മിഷന്റെ ഭാഗമായി നടപ്പിലാക്കിയ ജനകീയ പുഴ വീണ്ടെടുക്കൽ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്താകെ നിലവിൽ 10,126 കിലോമീറ്റർ നീർച്ചാലുകൾ ശുചിയാക്കി പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. കൂടാതെ പശ്ചിമഘട്ട പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലെ നീർച്ചാൽ ശൃംഖലകൾ വീണ്ടെടുക്കുന്നതിന്റെ മുന്നോടിയായി മുഴുവൻ നീർച്ചാലുകളും 'മാപ്പത്തോൺ' പദ്ധതിയിൽപെടുത്തി ജനകീയമായി ഡിജിറ്റൽ മാപ്പിൽ അടയാളപ്പെടുത്തുന്ന പ്രവർത്തനം കേരള പുനർ നിർമ്മാണ പദ്ധതിയുടെ സഹായത്തോടെ നടത്തിവരുന്നു. |
| (സി) | ജല ഗുണനിലവാര പരിശോധന വിപുലപ്പെടുത്തുന്നതിനും ജല സ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും പദ്ധതിയുണ്ടോ; വിശദമാക്കുമോ? | (സി) | ജലസ്രോതസ്സുകൾ മലിനീകരിക്കുന്നവരെ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനും പിഴ ഈടാക്കുന്നതിനും നിലവിലെ നിയമപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.<br><br>ജല സ്രോതസ്സുകളുടെ സമീപം മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ജനങ്ങൾക്ക് ബോധവത്ക്കരണം നൽകുകയും ചെയ്തുവരുന്നു.<br><br>ജലസ്രോതസ്സുകളിൽ ഇൻടേക്കിന് സമീപം മാലിന്യം ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തിരമായി അവ നീക്കം ചെയ്യാനുള്ള നടപടി സ്വീകരിച്ച്, ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുവാൻ പര്യാപ്തമായ ഗുണനിലവാരം ഉണ്ടെന്നു ഉറപ്പു വരുത്തുന്നു. |

| | | | |
|---|---|---|---|
| | | | ജല ഗുണനിലവാര പരിശോധന വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി, ജല അതോറിറ്റിയുടെ കീഴിൽ, സംസ്ഥാനത്തെ ഗുണനിലവാര പരിശോധനാ ലാബുകളുടെ എണ്ണം 47 എണ്ണത്തിൽ നിന്നും 85 എണ്ണമായി ജല ജീവൻ മിഷന്റെ സഹായത്തോടെ വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>നാഷണൽ ഹൈഡ്രോളജി പ്രൊജക്ടിന്റെ ഭാഗമായി ജലഗുണനിലവാര പരിശോധന ഗ്രാമീണ മേഖലകളിൽ കൂടി വ്യാപിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ 28 ഹയർ സെക്കന്ററി സ്കൂളുകളിൽ ഒരു ലക്ഷം രൂപ വീതം ചെലവഴിച്ച് ലാബുകൾ സജ്ജമാക്കുകയും ജല ഗുണനിലവാര പരിശോധനയ്ക്കായി ആവശ്യമായ പരിശീലനം വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഗ്രാമീണ മലയോര മേഖലകളിലും ജല ഗുണനിലവാര പരിശോധന വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സഞ്ചരിക്കുന്ന ജല ഗുണനിലവാര ലാബുകൾ സജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>ഹരിതകേരളം മിഷൻ പ്രവർത്തന ങ്ങളുടെ ഭാഗമായി എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപന ഫണ്ട് വിഹിതം എന്നിവ വിനിയോഗിച്ച് 254 പ്രാഥമിക ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇതുവരെ 166 ലാബുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. ഇവിടെയുള്ള അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനം ലഭ്യമാക്കി ജലപരിശോധന ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ 'റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ' സഹായത്തോടെ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി പെരിയാർ, പമ്പ നദികളുടെ വൃഷ്ടി പ്രദേശത്തെ എറണാകുളം, ഇടുക്കി, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലെ 313 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഹയർസെക്കൻഡറി സ്കൂളുകളിൽ പ്രാഥമിക ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ